നം. സി2/13759/റ്റി.സി/07

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരളം, തിരുവനന്തപുരം
തീയതി: 01.03.2008

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും

സർ,

വിഷയം : മോട്ടോർ വാഹന വകുപ്പ് - കേരളാ റോഡു സുരക്ഷാ അതോറിറ്റി ആക്ട് 2007 പ്രകാരമുള്ള ഒറ്റത്തവണ സെസ്സ് സംബന്ധിച്ച്

സൂചന:

2007 ഡിസംബർ 26 തീയതിയായ 55/2007/ഗതാഗതം നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരളാ റോഡ് സുരക്ഷാ അതോറിറ്റി ചട്ടത്തിൽ, ചട്ടം (3), ഉപചട്ടം (എ) നിഷ്കർഷിക്കു ന്നത്, ഈ ചട്ടങ്ങൾ നിലവിൽ വരുന്ന തിന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ സെസ്സ് ത്രൈമാസിക നികുതിയോടൊപ്പമോ, അല്ലെങ്കിൽ അർദ്ധ വാർഷിക നികുതിയോടൊപ്പമോ അതത് സംഗതി പോലെ അതിന്റെ അടുത്ത അടവിനൊപ്പം അടയ്ക്കേണ്ടതും ഒറ്റത്തവണ നികുതി നൽകിക്കഴിഞ്ഞവരുടെ വാഹനത്തിന്റെ സെസ്സ് ഈ ചട്ടങ്ങൾ നിലവിൽ വരുന്ന തീയതിമുതൽ ഒരു വർഷത്തിനുള്ളിൽ അടയ്ക്കേണ്ടതുമാണ് എന്നാണ്. ആയതിനാൽ ഇപ്രകാരം ചട്ടങ്ങൾ നിലവിൽ വന്ന 26.12.07 ന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങൾ മറ്റ് സേവനങ്ങൾക്കായി ആഫീസുകളിൽ വരുന്ന സമയത്ത് അവയുടെ ഒറ്റത്തവണ സെസ്സ് അതോടൊപ്പം ഈടാക്കാവുന്നതാണ്. എന്നിരുന്നാലും 26.12.08 വരെ സെസ്സ് ഒടുക്കുവാൻ സമയമുള്ളതിനാൽ ഇക്കാര്യത്തിൽ അവരെ നിർബന്ധിക്കേണ്ടതില്ല.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
& സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി